# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3651

## 23-08-2017 ൽ മറുപടിക്ക്

## എറണാകുളം മെഡിക്കൽകോളേജിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) എറണാകുളം മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയുടെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 18-01-2017 ലെ സ.ഉ (ആർ.റ്റി) നം.139/2017/ആ.കു.വ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും ബന്ധപ്പെട്ട പദ്ധതി വിശദാംശങ്ങളോടൊപ്പം കിഫ്ബോർഡിന്റെ അംഗീകാരത്തിനായി 21-03-2017 ൽ കൂടിയ യോഗത്തിൽ ബോർഡിനു മുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതി വിശദാംശങ്ങളിൽ ചില ന്യൂനതകൾ കണ്ടതിനെത്തുടർന്ന് പ്രസ്തുത യോഗം നിബന്ധനകൾക്കു വിധേയമായ അംഗീകാരമാണ് ടി പദ്ധതിക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ അവ പരിഹരിച്ച് കിഫ്ബിയിൽ പുന:സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു ലഭ്യമാകുന്ന മുറയ്ക്ക് പൂർണ്ണമായ അംഗീകാരത്തിനായി ഈ പദ്ധതി നിർദ്ദേശം ബോർഡിനു മുമ്പാകെ പുന:സമർപ്പിക്കുന്നതുമാണ്. |
| (ബി) പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | എറണാകുളം മെഡിക്കൽ കോളേജിൽ ഫർണിച്ചർ / ഫർണിഷിങ് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പുതിയ ആശുപത്രി ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, പി.ജി.ക്വാർട്ടേഴ്സ്, പൊതുജനങ്ങൾക്കു വേണ്ടി ഒരുക്കുന്ന സൗകര്യം (Common Amenity Centre), ഇൻഡോർ സ്റ്റേഡിയം -കം- ഓഡിറ്റോറിയം, ജിംനേഷ്യം എന്നിവയുൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ